LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

82 (3713) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിലല്ലാതെ മറ്റ് അപകടങ്ങളിലും ദുരന്തങ്ങളിലും നഷ്ടം സംഭവിക്കുന്ന കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകാറുണ്ടോ ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) ചേർത്തല കിഴക്കേ നാല്പതിൽ 19-11-2014 -ൽ ഉണ്ടായ പടക്കശാല സ്ഫോടനത്തിൽ സ്ഥാപനത്തിനു ചുറ്റുവട്ടത്തുള്ള ഒട്ടേറെ വീടുകൾ തകർന്നു പോകുകയും മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടും സർക്കാർ അവർക്ക് നഷ്ടപരിഹാരം നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ അടിയന്തര സഹായമെത്തിക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ, കുടുംബങ്ങൾക്ക് മൂപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നു. എന്നാൽ ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റുപദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി 1 ലക്ഷം രൂപ നൽകുന്നു. ഇൻഷുറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്ത ശേഷം കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. നക്സലൈറ്റ് ആക്രമണങ്ങളിലും മറ്റും കൊല്ലപ്പെടുന്ന കരസേന, വായുസേന, നാവികസേന, പാരാമിലിട്ടറി, GREF, കേന്ദ്രസംസ്ഥാന സർക്കാരുകൾ രൂപീകരിക്കുന്ന മറ്റു സേനാ വിഭാഗങ്ങൾ എന്നിവയിലെ ജവാന്മാർക്ക് സൈനിക ക്ഷേമനിധി ബോർഡിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതല്ല.

(ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.